

TUESDAY 11/11/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/11/2025

1. പാലക്കാട് ജില്ലയിലെ റാബി-I 2025 സീസണിൽ നടപ്പിലാക്കുന്ന കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷുറൻസ് പദ്ധതി (RWBCIS)യിൽ നെൽകർഷകർക്ക് എൻറോൾമെന്റിനുള്ള അവസാന തീയതി 2025 നവംബർ 15 വരെ നീട്ടാൻ കേന്ദ്ര കൃഷി മന്ത്രാലയം തീരുമാനിച്ചു. കാലാവസ്ഥ വ്യതിയാനാവും, നെൽകൃഷി ആരംഭിക്കാൻ പ്രാദേശികമായി ഉണ്ടായ കാലതാമസം മൂലവും കർഷകരുടെ എൻറോൾമെന്റ് നിരക്ക് കുറവായതിനാലുമാണ് കൃഷി വകുപ്പ് വിഷയത്തിൽ ഇടപെട്ടത്. അർഹരായ നെൽക്കർഷകർക്ക് ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കർഷകർ ഉന്നയിച്ച ആവശ്യപ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ച അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ് നടപടി. പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ (AIC) യുടെ സമ്മതത്തോടെയാണ് അവസാന തീയതി ദീർഘിപ്പിച്ചത്. പദ്ധതിയിൽ കൂടുതൽ അർഹരായ കർഷകർക്ക് ഉൾപ്പെടാൻ ഇതിലൂടെ അവസരം ലഭിക്കും. ഇതോടൊപ്പം, പ്രീമിയം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിരക്ക് നിലവിലുള്ള 20 ശതമാനത്തിൽ നിന്ന് 43 ശതമാനമായി വർധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ വർധിപ്പിച്ച പ്രീമിയം വിഹിതം സംസ്ഥാന സർക്കാറാണ് വഹിക്കേണ്ടത്. കേന്ദ്ര സർക്കാർ വിഹിതം നിലവിലെ നിരക്കിൽ തന്നെ തുടരും. പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന കർഷകർ നവംബർ 15നകം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ +91 9447364599 കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്) പാലക്കാട് ജില്ല.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2015 സെപ്റ്റംബർ 12 മുതൽ 2025 സെപ്റ്റംബർ 11 വരെയുള്ള 10 വർഷ കാലപരിധിയ്ക്കുള്ളിൽ അംശാദായം 24 മാസത്തിലധികം കടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കാം. ഡിസംബർ 10 നകം കുടിശിക അടയ്ക്കണം. ഇതിനകം 60 വയസ്സ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് കടിശ്ശിക അടക്കുന്നതിനും അംഗത്വം പുനഃസ്ഥാപിക്കുന്നതിനും അവസരം ഉണ്ടായിരിക്കില്ല എന്ന് ജില്ലാ

എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2729175.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'കൂൺ കൃഷി'** എന്ന വിഷയത്തിൽ 14.11.2025 തിയ്യതിയിലും, ശുദ്ധജല മത്സ്യകൃഷി (വരാൽ,തിലോപ്പിയ), എന്ന വിഷയത്തിൽ 18.11.2025 തിയ്യതിയിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. പരിശീലന ഫീസ് ₹550/- രൂപ.

4. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ഗോട്ട് ആൻഡ് ഷീപ്പ് ഫാം മണ്ണുത്തിയിൽ വച്ച് **"ആട് ഫാമിംഗ് ഭാവിയുടെ ബിസിനസ്"** നൂതന സാങ്കേതിക വിദ്യകളെയും രോഗപ്രതിരോധ മാർഗങ്ങളെയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം ഈ മാസം 12ന് (12.11.2025) രാവിലെ 9 മണി മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈകിട്ട് 5 വരെ സംഘടിപ്പിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 17 മുതൽ 27 വരെ "**ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 15-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടംപാലസ്, പട്ടം.പി.ഒ., തിരുവനന്തപുരം 695004. ഇമെയിൽ principaldtctvm@gmail.com

6. ഇടുക്കി വാഗമൺ മൃഗസംരക്ഷണ വകുപ്പ് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയും (നവംബർ മാസം 11, 12 തീയതികളിൽ) ശാസ്ത്രീയമായ ആട്ടവളർത്തൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വിഷയത്തിൽ കാന്തല്ലൂർ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോണ് നമ്പര് : 9447609517, 9495192577.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ "** എന്ന വിഷയത്തിൽ 13/11/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

8. **കാർഷിക നിർദേശം**

മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നയിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഡർമ്മ കാർഡ് ചെറു കഷണങ്ങളായി മുറിച്ച വയലിന്റെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തിവെക്കുക. നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം